പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 700 | 13-10-2026-ൽ മറുപടിയ്ക്ക്

<u>സഹകരണ മേഖലയിലെ പുതിയ പദ്ധതികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീമതി ഫാത്തിമ തഹിലിയ | ശ്രീ. എം. ലിജു (സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ മേഖലയുടെ വികസനത്തിനും സാധാരണ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കിവരുന്നതും പുതുതായി ആവിഷ്കരിച്ചതുമായ വായ്പ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സഹകരണ മേഖലയുടെ വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കിവരുന്നതും പുതുതായി ആവിഷ്കരിച്ചതുമായ വായ്പ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വായ്പ പദ്ധതികൾ</u>**

1. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായം — ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഓഹരി ഇനത്തിലും, കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനും, സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിക്കുന്നു.
2. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കുമുള്ള ധനസഹായം—കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷണറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനായി ധനസഹായം അനുവദിക്കുന്നു.
3. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം — ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും യുവജന സഹകരണ സംഘങ്ങളുടെ മൂലധന ആസ്തികളുടെ രൂപീകരണത്തിനും ധനസഹായം അനുവദിക്കുന്നു.
4. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം – ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക ഉൽപാദനത്തിന് മുമ്പും ഉൽപാദന സമയത്തും സംഭരണം സംസ്കരണം വിപണനം എന്നീ പ്രവർത്തനങ്ങൾക്കും കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം അനുവദിക്കുന്നു.
5. സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം - ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ ഉൽപന്നങ്ങളുടെ വിപണനം പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഔട്ട് ലെറ്റുകളുടെ ആധുനികവൽക്കരണത്തിനും സഹകരണ ഉൽപന്നങ്ങളുടെ കയറ്റുമതി

പ്രോത്സാഹിപ്പിക്കുന്നതിനും മാർക്കറ്റ് ഫെഡിന്റെ വിപണന പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണത്തിനും ധനസഹായം അനുവദിക്കുന്നു.

6. സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള സഹായം — ഈ പദ്ധതി പ്രകാരം വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും ശക്തി ആർജ്ജിക്കുവാൻ സാധ്യത ഉള്ളതുമായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.
7. ഗ്രാമീണ അടിസ്ഥാന സൗകര്യവികസന ഫണ്ട് (ആർ.ഐ.ഡി.എഫ്). — പശ്ചാത്തല സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കാപ്കോസിന് കീഴിൽ ഏറ്റുമാനൂരിൽ റൈസ് മിൽ സ്ഥാപിക്കുന്നതിനും പാപ്കോസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ധനസഹായം അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

<u>**എൻ.സി.ഡി.സി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ**</u>

1. പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം. (എൻ.സി.ഡി.സി. പദ്ധതി) – ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും സഹകരണ ആശുപത്രികൾ, ടൂറിസം സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള പശ്ചാത്തല സൗകര്യ വികസനത്തിനും ഉപഭോക്തൃ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ധനസഹായം അനുവദിക്കുന്നു.
2. പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും ഉള്ള ധനസഹായം – ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംഭരണ ശാലകൾ നിർമ്മിക്കുന്നതിനും, കർഷക സേവന കേന്ദ്രം ആരംഭിക്കുന്നതിനും ധനസഹായം അനുവദിക്കുന്നു.
3. സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). – എൻ.സി.ഡി.സി യുടെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിക്കുന്നു. <u>**പുതുതായി ആവിഷ്കരിച്ച വായ്പ പദ്ധതികൾ**</u>

1. 100% ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ റൂഫ് ടോപ്പ് സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം.—സഹകരണ സംഘങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി 1000 ചതുരശ്ര അടിയിൽ അധിക വിസ്തീർണമുള്ള കെട്ടിടം സ്വന്തമായുള്ള സഹകരണ സംഘങ്ങൾക്ക് നിർബന്ധിത റൂഫ് ടോപ്പ് സംവിധാനം സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുന്നു.
2. മാർക്കറ്റ്ഫെഡ്, അഫിലിയേറ്റഡ് സഹകരണ സംഘങ്ങൾ എഫ്.പി.ഒ ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തലിനുള്ള സഹായം — ഈ പദ്ധതി പ്രകാരം മാർക്കറ്റ് ഫെഡിന്റെ ഭൂമിയും സ്ഥാപന ആസ്തികളും ഫലപ്രദമായി വിനിയോഗിച്ച് സ്ഥിര വരുമാന ശ്രോതസ്സുകൾ സൃഷ്ടിക്കുന്നതിനും സഹകരണ വിപണന സംഘങ്ങൾ സംഭരണ കേന്ദ്രങ്ങൾ വിൽപനശാലകൾ എന്നിവ നവീകരിക്കുന്നതിനുമായി തുക വകയിരുത്തിയിട്ടുണ്ട്.

**(ബി)** സഹകരണ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും ഡിജിറ്റൽ സേവനങ്ങൾ വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> സഹകരണ ബാങ്കുകളെ ആധുനികവൽക്കരിക്കുന്നതിനും ഡിജിറ്റൽ സേവനങ്ങൾ വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച വരുന്ന നടപടികൾ :

**1. പ്രാഥമിക സഹകരണ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ് വെയർ നടപ്പിലാക്കുക**

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിദ്ധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ച് കൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാർ സ്വീകരിച്ചിരുന്നു. യൂണിഫോം സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ Request for Proposal ((RFP) തയ്യാറാക്കി e-tender വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു എങ്കിലും നിലവിൽ ടെണ്ടർ നടപടികൾ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുന്നു. നിലവിലെ സാഹചര്യം പരിഗണിച്ച് ടെണ്ടർ നടപടികൾ പുനർ അവലോകനം ചെയ്യുന്നതിനെ പറ്റി ആലോചിച്ചു വരുന്നു.

**2.സൊസൈറ്റി ബൈലോ രജിസ്ട്രേഷൻ ആന്റ് അമൻമെന്റ് (CORASS)**

സഹകരണ സംഘങ്ങളുടെ:

- ബൈലോ രജിസ്ട്രേഷൻ
- ബൈലോ ഭേദഗതി

എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. AI സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിൽ ആണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**3.കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഓൺലൈൻ പോർട്ടൽ.**

സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്. ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഓൺലൈൻ ആക്കുന്നത് ഉൾപ്പെടെ ബോർഡിലെ എല്ലാ ജോലികളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ആയതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ സ്റ്റാർട്ടപ്പ് കമ്പനിയെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

**4.കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് മാനേജ്മെന്റ് സിസ്റ്റം (CEMS)**

SPARK-ൽ ലഭ്യമായിട്ടുള്ള മൊഡ്യൂളുകൾക്ക് സമാനമായി CEMS രൂപകൽപ്പന ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുവഴി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ HR, സർവീസ് ഡീറ്റെയിൽസ്, ട്രെയിനിങ്, പെൻഷൻ ഡീറ്റെയിൽസ്, എക്സാമിനേഷൻ ബോർഡ്, പെൻഷൻ ബോർഡ്, എംപ്ലോയീസ് വെൽഫെയർ ബോർഡുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**5. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം**

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കാലാനുസൃതമായി അപ്ഡേഷൻ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം (2026-27) സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.

- “മറ്റു സഹകരണസംഘങ്ങൾക്കുള്ള ധനസഹായം" പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് എല്ലാ സഹകരണ സംഘങ്ങളുടെയും ആധുനികവൽക്കരണത്തിനായി 1450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- കൂടാതെ കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി (എൻ.സി.ഡി.സി) പദ്ധതി പ്രകാരം 2810.00 ലക്ഷം രൂപ (ഓഹരി-1124.00 ലക്ഷം രൂപ, വായ്പ-1686.00 ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്.

**(സി)** സഹകരണ ബാങ്കുകളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുള്ള കർഷകർ, ചെറുകിട സംരംഭകർ എന്നിവർക്ക് പ്രകൃതിക്ഷോഭങ്ങളും മറ്റും കണക്കിലെടുത്ത് വായ്പ തിരിച്ചടവിന് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** സഹകരണ ബാങ്കുകളിൽ നിന്നും വിവധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുള്ള കർഷകർ, ചെറുകിട സംരംഭകർ എന്നിവർക്ക് പ്രകൃതി ക്ഷോഭങ്ങളും മറ്റും കണക്കിലെടുത്ത് വായ്പ തിരിച്ചടവിന് മൊറൊട്ടോറിയം അനുവദിച്ചിട്ടില്ല. എന്നാൽ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഇളവ് നൽകി വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ “ആശ്വാസ്-2026” പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ കുടിശ്ശിക ആയിട്ടുള്ളവർക്ക് ടി പദ്ധതി പ്രയോജനപ്പെടുത്താവുന്നതും പിഴപ്പലിശ പൂർണ്ണമായും ഇളവ് ചെയ്തു കൊണ്ടും, പലിശയിൽ പരമാവധി ഇളവ് നൽകി കൊണ്ടും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**